**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 129** **22-07-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.എഫ്.ഇ ബ്രാഞ്ചുകൾ ആരംഭിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്** | | **Shri K N Balagopal**<br>**(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ജനങ്ങൾക്ക് കൂടുതൽ ആശ്വാസവും സാമ്പത്തിക സ്വാതന്ത്ര്യവും നൽകുന്നതിന് എല്ലാ പഞ്ചായത്തുകളിലും കെ.എസ്.എഫ്.ഇ യുടെ ശാഖകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (എ) | കെ.എസ്.എഫ്.ഇ.യ്ക്ക് ഇപ്പോൾ കേരളത്തിൽ അങ്ങോളമിങ്ങോളമായി 620 ശാഖകൾ ഉണ്ട്. ഈ വർഷം 64ശാഖകൾ തുറക്കാൻ ഉദ്ദേശിക്കുന്നുണ്ട്. 2025 ഓടെ എല്ലാ പഞ്ചായത്തുകളിലും കെ.എസ്.എഫ്.ഇ ശാഖകൾ തുറക്കാനുള്ള പദ്ധതിയാണ് കെ.എസ്.എഫ്.ഇ വിഭാവനം ചെയ്യുന്നത്. |
| (ബി) | കെ.എസ്.എഫ്.ഇ മുഖേന കൂടുതൽ ചിട്ടികൾ ആരംഭിക്കുന്നതിനും വായ്പകൾ നൽകുന്നതിനും നടപടി സ്വീകരിക്കുമോ ? | (ബി) | 2021 ജൂലൈ 1 മുതൽ 'കെ.എസ്.എഫ്.ഇ ഭദ്രതാ സ്മാർട്ട് ചിട്ടികൾ' എന്ന പേരിൽ പുതിയ ചിട്ടി പദ്ധതി കെ.എസ്.എഫ്.ഇ അവതരിപ്പിച്ചിട്ടുണ്ട്. 2022 ഫെബ്രുവരി 28 വരെയാണ് നിരവധി സമ്മാന പദ്ധതികളും ആനുകൂല്യങ്ങളും കോർത്തിണക്കിയിട്ടുള്ള ഈ ചിട്ടികളുടെ കാലാവധി. കെ.എസ്.എഫ്.ഇ യുടെ ഏതു ശാഖയിൽ ചെന്നും ഈ ചിട്ടിയിൽ ചേരാവുന്നതാണ്. ഒട്ടേറെ വായ്പാ പദ്ധതികൾ കെ.എസ്.എഫ്.ഇ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. സ്വർണ്ണപ്പണയ വായ്പ, വ്യക്തിഗത വായ്പ, ഭവന വായ്പ, ഗൃഹോപകരണങ്ങളും വാഹനങ്ങളും വാങ്ങുന്നതിനു വേണ്ടിയുള്ള കൺസ്യൂമർ വെഹിക്കിൾ ലോൺ, ചിട്ടി പിടിക്കാത്ത ചിട്ടി വരിക്കാർക്ക് നൽകുന്ന ചിട്ടി ലോൺ, പാസ്സ് ബുക്ക് ലോൺ ഉൾപ്പെടെ നിരവധി വായ്പാ പദ്ധതികൾ കെ.എസ്.എഫ്.ഇ ശാഖകളിലൂടെ നടപ്പാക്കിയിട്ടുണ്ട്. കോവിഡ് ബാധിച്ച കുടുംബങ്ങൾക്ക് വേണ്ടി പ്രഖ്യാപിച്ച 5% വാർഷിക പലിശ നിരക്കിലുള്ള പ്രത്യേക സ്വർണ്ണപ്പണയ വായ്പാ പദ്ധതിയും നിലവിലുണ്ട്. ഇപ്പോൾ പ്രഖ്യാപിച്ച സ്മാർട്ട് കിച്ചൺ വായ്പാ പദ്ധതിയും കെ.എസ്.എഫ്.ഇ. യിലൂടെയാണ് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ